## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1133 — 20/01/2014-ൽ മറുപടിക്ക്

### സ്കൂളുകളിൽ സൗജന്യ യൂണിഫോം വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. നിലവിൽ എസ്.എസ്.എ പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ ഒന്നു മുതൽ 8-ാം ക്ലാസ്സുവരെയുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾ ഒഴികെയുള്ള വിദ്യാർത്ഥികൾക്ക് ലഭ്യമായിരുന്ന സൗജന്യ യൂണിഫോം വിതരണം ഈ വർഷം മുതൽ എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കൂടി ലഭ്യമാക്കുന്നതിന് തിരുമാനിച്ചു. |
| (ബി) ഈ വിദ്യാഭ്യാസ വർഷം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് മാസത്തിലാണ് ഇതു സംബന്ധിച്ച നിർദ്ദേശം നൽകിയതെന്ന് അറിയിക്കാമോ; | (ബി) 19/11/2013 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 298/2013/പൊ.വി. നമ്പർ ഉത്തരവ് പ്രകാരം യൂണിഫോം വിതരണത്തിനുള്ള കമ്പനികളെ എംപാനൽ ചെയ്യുവാൻ സർക്കാർ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും, എംപാനൽ ചെയ്ത കമ്പനികളിൽ നിന്നോ, ഗുണ നിലവാരം ഉറപ്പാക്കി പൊതു മാർക്കറ്റിൽ നിന്നോ യൂണിഫോം തുണിത്തരങ്ങൾ ഒരു ജോഡിക്ക് 200 രൂപ നിരക്കിൽ രണ്ടു ജോഡി യൂണിഫോം തുണി വാങ്ങാൻ എസ്.എം.സി/പി.റ്റി.എ കളെ അനുവദിക്കുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ ഉത്തരവനുസരിച്ച് ടെൻഡർ ഫോമുലേഷൻ & ഇവാല്യുവേഷൻ കമ്മിറ്റി 8 കമ്പനികളെ യൂണിഫോം വിതരണത്തിനായി എംപാനൽ ചെയ്തു. എംപാനൽ |

ചെയ്ത കമ്പനികളിൽ നിന്നോ ഗുണനിലവാരം ഉറപ്പാക്കി പൊതു മാർക്കറ്റിൽ നിന്നോ യൂണിഫോം തുണിത്തരങ്ങൾ വാങ്ങുന്നതിന് സ്കൂളധികൃതർക്ക് നിർദ്ദേശം നൽകി 05/12/2013 ൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഈ അദ്ധ്യയന വർഷത്തിന്റെ പകുതിയിലേറെ പിന്നിട്ടതിനു ശേഷം കുട്ടികൾക്ക് യൂണിഫോം നൽകുന്നതിനുള്ള നിർദ്ദേശം നൽകുക വഴി കുട്ടികൾക്ക് എന്ത് പ്രയോജനമാണ് ലഭിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) വിദ്യാഭ്യാസ വർഷാരംഭത്തിൽ കൊടുക്കേണ്ട യൂണിഫോം വൈകിയതിന് കാരണം എന്താണെന്ന് വിശദമാക്കാമോ?

(സി) & (ഡി)

എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെ സംസ്ഥാനത്തെ സർക്കാർ-എയിഡഡ് മേഖലയിലെ ഒന്നു മുതൽ എട്ടുവരെ ക്ലാസ്സുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും രണ്ടു ജോഡി യൂണിഫോം സൗജന്യമായി വിതരണം ചെയ്യുന്ന ബൃഹത്തായ പദ്ധതി സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കുന്നതിനാൽ നടപടിക്രമങ്ങൾ പൂർണ്ണമായി പൂർത്തിയാക്കുന്നതിന് സമയമെടുത്തതിനാലാണ് വൈകാനിടയായത്.

സെക്ഷൻ ഓഫീസർ